**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 42** **01.12.2015-ൽ മറുപടിയ്ക്ക്**

**എനർജി ഇന്നവേഷൻ സോൺ.**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എ. അസീസ് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വകുപ്പിന്റെ കീഴിൽ എനർജി ഇന്നവേഷൻ സോൺ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയാണെന്നും സോണിന്റെ പ്രവർത്തനം എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ? | (എ) | ഊർജ്ജ വകുപ്പിന്റെ കീഴിൽ കെ.എസ്.ഇ.ബി.എൽ. ഇന്നവേഷൻ ഫണ്ടിന്റെ നടത്തിപ്പിനായി സ്റ്റാർട്ട് അപ്പ് വില്ലേജുമായി ധാരണാപത്രവും, കരാറും ഒപ്പു വച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കളമശ്ശേരിയിലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജിൽ എനർജി ഇന്നവേഷൻ സോൺ 2013 ജൂലൈ 1 മുതൽ 2015 ജൂലൈ 31 വരെ പ്രവർത്തിച്ചിരുന്നു.<br><br>എനർജി ഓപ്പൺ ഇന്നവേഷൻ സോൺ വൈദ്യുതിയുടെ ഉല്പാദന വിതരണ പ്രസരണ മേഖലയിൽ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും പര്യാപ്തമായ നൂതന ആശയങ്ങൾ ഉള്ളവർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്ന പ്രവർത്തനമാണ് നടത്തിയത്.<br><br>കളമശ്ശേരിയിലുള്ള സ്ററാർട്ട് അപ്പ് വില്ലേജിൽ എനർജി ഓപ്പൺ ഇന്നവേഷൻ സോണിൽ 2500 ചതുരശ്ര അടി വിസ്തൃതിയുള്ള സ്ഥലവും യുവഗവേഷകർക്കും സംരംഭകർക്കും വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് ആശയരൂപീകരണം നടത്താനുള്ള സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കിയിരുന്നു.<br>സ്റ്റാർട്ട് അപ്പ് വില്ലേജിൽ എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തന ചെലവുകൾക്കും നവീന ആശയങ്ങളുള്ള സംരംഭകർക്കുള്ള ധനസഹായവുമായി |

സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം (ഇന്നവേഷൻ ഫണ്ട്) ഉപയോഗിച്ചുകൊണ്ട് 95,80,220/- രൂപ 31-07-2015 വരെ നൽകിയിട്ടുണ്ട്. **എനർജി ഇന്നവേഷൻ സോൺ** തുടർന്നും പ്രവർത്തിക്കുന്നതിനായുള്ള കരാർ പുതുക്കുന്നതിന് സ്റ്റാർട്ട് അപ്പ് വില്ലേജ് തയ്യാറാകാതിരുന്നതിനാൽ എനർജി ഇന്നവേഷൻ സോണിലൂടെ സഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആകെ 54,92,710/- രൂപയുടെ പദ്ധതി ചെലവുള്ള 9 പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ കെ. എസ്. ഇ. ബി. എൽ നേരിട്ടു നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ.**